# നർമ്മദ സമരം 25 വർഷങ്ങൾ



ഫോട്ടോ: പ്രശാന്ത് നൾവേവ

**വൻകിട അണക്കെട്ടിനും വിനാശവികസനത്തിനുമെതിരെ നർമ്മദാതാഴ്‌വരയിൽ മുദ്രാവാക്യങ്ങൾ മുഴങ്ങിത്തുടങ്ങിയിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. പ്രകൃതിയേയും മനുഷ്യനേയും ഹനിക്കുന്ന വികസന പദ്ധതികൾക്കെതിരെ ലോക ത്തെമ്പാടും നടക്കുന്ന ജനകീയ സമരങ്ങൾക്ക് മാർഗ്ഗദർശി യായിത്തീർന്ന നർമ്മദ ബച്ചാവോ ആന്ദോളൻ സംഘർഷത്തി ന്റെയും നിർമ്മാണത്തിന്റെയും 25 വർഷങ്ങൾ ഇക്കഴിഞ്ഞ ഒക്ടോബർ 22-23 തീയതികളിൽ മഹാരാഷ്ട്രയിലേയും മധ്യ പ്രദേശിലേയും വിവിധ സ്ഥലങ്ങളിൽ വച്ച് ആഘോഷിച്ചു. ഇന്ത്യ യിലെ വിവിധ ജനകീയ സമരങ്ങളുടെയും സാമൂഹിക പ്രവർത്തകരുടെയും സംഗമവേദിയായിത്തീർന്ന സമരാ ഘോഷം, വിനാശമല്ല വികസനമെന്ന് ഒറ്റക്കെട്ടായി ഉച്ചത്തിൽ ഭരണാധികാരികളോട് വിളിച്ച് പറഞ്ഞു. ചരിത്രത്തിലെ അപൂർവ്വതയായി 25 വർഷം നീണ്ടുനിന്ന നർമ്മദയിലെ അഹിം സാത്മക സമരത്തെ വിലയിരുത്താൻ പലകാലങ്ങളിൽ സമരത്തോടൊപ്പം നിന്നവരുടെ വാക്കുകളിലൂടെ ഒരു ശ്രമം നടത്തുകയാണ് കേരളീയം.**